# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3171

28.01.2014-ൽ മറുപടിയ്ക്ക്

### മാവേലിക്കര മണ്ഡലത്തിലെ മരാമത്ത് പണികൾ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും 25 ലക്ഷം രൂപ വീതം അനുവദിച്ച് താമരക്കുളം - വി.വി.എച്ച്.എസ്. റോഡ്, പാലമേൽ - മാമ്മൂട് -പള്ളിക്കൽ റോഡ് എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) & (ബി) | ഇല്ല. കായംകുളം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുത്തിയാണ് ടി റോഡുകൾക്ക് ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ടി റോഡുകൾ മാവേലിക്കര മണ്ഡലത്തിന് കീഴിൽ ഉള്ളതിനാൽ ടി പ്രവൃത്തികൾക്ക് പകരമായി കായംകുളം മണ്ഡലത്തിലെ രണ്ടു റോഡുകൾ പുതുതായി ഉൾപ്പെടുത്തി ഭരണാനുമതി മാറ്റി നൽകി. അയതിനാലാണ് പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ കഴിയാഞ്ഞത്. നടപ്പു സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത കാരണം ടി റോഡുകൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. |
| (സി) പൊതുമരാമത്ത് കെട്ടിട വിഭാഗം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ;<br><br>(ഡി) വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ ; | (സി) & (ഡി) | മാവേലിക്കര മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിനു കീഴിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. കറത്തികാട് കമ്യൂണിറ്റി ഹെൽത്ത് സെന്ററിനു വേണ്ടിയുള്ള കെട്ടിട നിർമ്മാണം - 1 കോടി രൂപ – ഗ്രൗണ്ട് ഫ്ലോറിന്റെ പണി തീർന്നു. തുടർ പണികൾ പുരോഗമിക്കുന്നു.<br><br>2. ലെപ്രസി സാനിറ്റോറിയം, നൂറനാട് - പുതിയ കെട്ടിട നിർമ്മാണം - 392 ലക്ഷം രൂപ. ഒ.പി. ബ്ലോക്കിന്റെ സ്ട്രക്ച്ചർ പൂർത്തിയായി. ബാക്കി പണികൾ |

നടന്നു കൊണ്ടിരിക്കുന്നു. ഐ.പി. ബ്ലോക്ക് - അന്തേവാസികളുടെ എതിർപ്പ് മൂലം പണി തടസപ്പെട്ടിരിക്കുന്നു.

3. മാവേലിക്കര കോടതി സമുച്ചയത്തിൽ എ.ഡി.ആർ. സെന്ററിന്റെ നിർമ്മാണം - 55 ലക്ഷം രൂപ – എഗ്രിമെന്റ് വച്ചു. പണി ഉടൻ ആരംഭിക്കും.

| | |
|---|---|
| (ഇ) പൊതുമരാമത്ത് നിരത്ത് വിഭാഗം മാവേലിക്കര മണ്ഡലത്തിൽ **നടപ്പിലാക്കികൊണ്ടിരിക്കുന്ന** പദ്ധതികൾ ഏതെല്ലാം ; | (ഇ) & (എഫ്) മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദ **വിവരം ചുവടെ ചേർക്കുന്നു.** |
| (എഫ്) വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ ? | |

1. മാവേലിക്കര ബ്ലോക്ക് ഓഫീസ് മുതൽ പോലീസ് സ്റ്റേഷൻ പുളിമൂട്ടിൽ പാലം വഴി ബുദ്ധ ജംഗ്ഷൻ വരെയുള്ള റോഡിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ - ₹96,97,524/-.

2. പുതുശ്ശേരി – ചത്തിയറ റോഡിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ - ₹87,36,901.

3. ഈരിക്കൽ പാലത്തിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ - ₹54,30,000/-.

4. കൊച്ചാലുംമൂട് - പന്തളം റോഡിന്റെ ബി.എം. & ബി.സി. - ₹9,90,89,181/-.

(ഒപ്പ്)

സെക്ഷൻ ഓഫീസർ